**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5568 25/10/2011 ൽ മറുപടിയ്ക്ക്

**വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്ന പദ്ധതി**

ചോദ്യം

ശ്രീ. കെ. അജിത്

മറുപടി

ശ്രീ. എ.പി. അനിൽകുമാർ

(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗക്കാരുടെ വായ്പകൾ എഴുതിത്തള്ളുവാൻ മുൻഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതി ഇപ്പോഴും നിലവിലുണ്ടോ; | (എ) | നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം വിവിധ ബാങ്കുകളിൽ നിന്നെടുത്ത വായ്പാതുകയും പലിശയും പിഴപ്പലിശയും എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവ ജന വിഭാഗങ്ങൾ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.3.2006 - ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകളിൽ 25,000/- രൂപ വരെയുള്ളത് പലിശയും പിഴപ്പലിശയുമുൾപ്പെടെ എഴുതിത്തള്ളുന്നതിനും അതിനു മുകളിലുള്ള വായ്പകളിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുമായി 12.11.09 ലെ സ.ഉ. (അച്ചടി) 100/09/പജപവവിവ പ്രകാരം 31.01.2010 വരെ അവസരം നൽകിയിരുന്നു. ടി പദ്ധതിയുടെ കാലാവധി 22.8.11 ലെ സ.ഉ. (കൈ) 86/2011/പജപവവിവ പ്രകാരം 31.12.2011 വരെ ദീർഘിപ്പിച്ചു നൽകിയതിന്റെ അടിസ്ഥാനത്തിൽ അർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? | (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ